കേരളസർവകലാശാല

നം.പി.ആർ.212/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### 'കേരള'യിൽ വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ പ്രവേശനം – തീയതി നീട്ടി

2020–21 അദ്ധ്യയനവർഷം വിദൂരവിദ്യാഭ്യാസ പ്രോഗ്രാമുകൾ നടത്താൻ യു.ജി.സി. അനുമതി നൽകിയ കേരളത്തിലെ ഏക സർവകലാശാലയായ കേരളസർവകലാശാലയിലെ വിദൂരവിദ്യാഭ്യാസത്തിന്റെ 2020–21 അദ്ധ്യയനവർഷത്തെ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചു. www.sde.keralauniversity.ac.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. അപേക്ഷകൾ ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്. ഫീസ് അടയ്ക്കാനും ഓൺലൈൻ സൗകര്യമുണ്ട്.

മലയാളം, ഹിന്ദി, ഇംഗ്ലീഷ്, ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, കൊമേഴ്സ്, ലൈബ്രറി സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ്, ബി.ബി.എ. എന്നീ ബിരുദ പ്രോഗ്രാമുകൾക്കും മലയാളം, ഹിന്ദി, ഇംഗ്ലീഷ്, ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, കൊമേഴ്സ്, എം.ബി.എ., മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, ലൈബ്രറി സയൻസ് എന്നീ ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾക്കുമാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. സർവകലാശാല നടത്തുന്ന റെഗുലർ പ്രോഗ്രാമുകളുടെ സിലബസ് തന്നെയാണ് വിദൂരവിദ്യാഭ്യാസത്തിനുമുള്ളത്. അപേക്ഷകൾ ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്. ഫീസ് അടയ്ക്കാനും ഓൺലൈൻ സൗകര്യമുണ്ട്.

**യു.ജി., പി.ജി. പ്രോഗ്രാമുകൾക്ക് നവംബർ 30 വരെയാണ് അപേക്ഷകൾ സമർപ്പിക്കുവാനുള്ള അവസാന തീയതി.**

യു.ജി./പി.ജി. പ്രോഗ്രാമുകളുടെ ഓൺലൈൻ അപേക്ഷയുടെ ശരിപകർപ്പ്, അനുബന്ധരേഖകൾ മുതലായവ കാര്യവട്ടത്തു പ്രവർത്തിക്കുന്ന വിദൂരവിദ്യാഭ്യാസ വിഭാഗം ഓഫീസിൽ രജിസ്റ്റേർഡ്/സ്പീഡ്പോസ്റ്റ് മുഖേന ഡിസംബർ 5 ന് മുൻപ് കിട്ടിയിരിക്കണം. വിശദവിവരങ്ങൾക്ക് www.ideku.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### യു.ഐ.എം എം.ബി.എ. – സ്പോട്ട് അഡ്മിഷൻ

**കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (UIMs) എം.ബി.എ. (ഫുൾടൈം) കോഴ്സിലേക്കുള്ള 2020-22 അദ്ധ്യയന വർഷത്തെ ഒഴിവുള്ള സീറ്റിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2020 നവംബർ 2,3 തീയതികളിൽ അടൂർ, ആലപ്പുഴ, കുണ്ടറ, പുനലൂർ എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. കെ-മാറ്റ് പോസിറ്റീവ് സ്കോർ യോഗ്യതയുള്ളവർക്ക് പങ്കെടുക്കാവുന്നതാണ്.**

## വൈവാ വോസി

2020 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.) ബി.എസ്.ഡബ്ല്യൂ. പരീക്ഷയുടെ വൈവാ വോസി നവംബർ 3 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## സെന്റ്.മൈക്കിൾസ് കോളേജ്, ചേർത്തല, കെ.എസ്.എം.ഡി.ബി. കോളേജ്, ശാസ്താംകോട്ട എന്നിവിടങ്ങളിൽ പുതിയതായി അനുവദിച്ച ബി.വോക്. കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സെന്റ്.മൈക്കിൾസ് കോളേജ്, ചേർത്തല, കെ.എസ്.എം.ഡി.ബി. കോളേജ്, ശാസ്താംകോട്ട എന്നിവിടങ്ങളിൽ പുതിയതായി അനുവദിച്ച ബി.വോക്. കോഴ്സുകളിലെ കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് അപേക്ഷ സ്വീകരിക്കുന്നു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അതതു കോളേജുകളിൽ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി നവംബർ 6. കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് നവംബർ 9 ന് അതതു കോളേജുകളിൽ പ്രസിദ്ധീകരിക്കുന്നതാണ്. കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം നവംബർ 12 ന് ആണ്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി അന്നേദിവസം രാവിലെ 11 മണിക്ക് മുൻപായി കോളേജിൽ ഹാജരാകേണ്ടതാണ്.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
31.10.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098